# സക്കാത്തിൻെറ സാമാന്യ രൂപം

കാർഷികോൽപന്നങ്ങൾ ജലസേചനം ചെയ്ത് അധ്വാനിച്ച് വിളയിക്കുന്നതാണെങ്കിൽ അഞ്ച് ശതമാനവും, പ്രകൃത്യാ ജലസേചനം ചെയ്യപ്പെടുന്നതാണെങ്കിൽ പത്തുശതമാനവുമാണ് സകാത്ത് വിഹിതം. വിളവ് 300 സ്വാഅ് (ഏതാണ്ട് 653 കിലോഗ്രാം) തികയുന്നതുവരെ സകാത്ത് കൊടുക്കേണ്ടതില്ല. അഞ്ച് ഒട്ടകത്തിന് ഒരു ഒരാട് എന്ന തോതിലാണ് സകാത്ത്. അഞ്ചിൽ കുറഞ്ഞ ഒട്ടകങ്ങളുടെ ഉടമ സകാത്ത് നൽകേണ്ടതില്ല. ഗോക്കളുടെ സകാത്ത് 30 എണ്ണത്തിന് ഒന്ന് എന്ന തോതിലാണ്. 30-ൽകുറഞ്ഞാൽ സക്കാത്ത് വേണ്ട. ആടിൻെറ സക്കാത്ത് ബാധകമാകുന്ന പരിധി 40 ആണ്. 40 ആട് തികഞ്ഞാൽ ഒരാട് സകാത്ത് നല്കണം. കാലികളെല്ലാം നിശ്ചിത എണ്ണം ഒരു വർഷക്കാലം തുടർച്ചയായി ഉടമയുടെ കൈവശം ഇരുന്നിട്ടുണ്ടെങ്കിലേ സകാത്ത് കൊടുക്കേണ്ടതുള്ളൂ. മൂകളിൽ പറഞ്ഞതല്ലാത്ത മൃഗങ്ങളെ വ്യാപാരാടിസ്ഥാനത്തിൽ വളർത്തുന്നുണ്ടെങ്കിൽ അവ കച്ചവട സകാത്തിനു വിധേയമായിരിക്കും. അതല്ലാതെ കൗതുകത്തിനുവേണ്ടിയോ സ്വന്തം ഉപയോഗത്തിനുവേണ്ടിയോ വളർത്തപ്പെടുന്ന ജന്തുക്കൾക്ക് സകാത്ത് ഇല്ല. സ്വർണം, വെള്ളി, കറൻസി എന്നിവയുടെ സകാത്ത് വിഹിതം 2.5 ശതമാനമാകുന്നു. സ്വർണത്തെ സംബന്ധിച്ചേടത്തോളം 85 ഗ്രാമും വെള്ളിക്ക് 595 ഗ്രാമുമാണ് സകാത്ത് ബാധകമാകുന്ന പരിധി. അതിൽ കുറഞ്ഞതിന് സകാത്തില്ല. 85 ഗ്രാം സ്വർണത്തിൻെറ വിലയ്ക്കുള്ള പണത്തിൻെറ ഉടമകൾക്കും സകാത്ത് ബാധകമാണ്. ഇത്രയും സ്വർണം അല്ലെങ്കിൽ തുക സൂക്ഷിക്കുന്നവർക്ക് വർഷാന്തം സകാത്ത് കൊടുക്കണം. കച്ചവടത്തിനും സകാത്ത് കണക്കാക്കേണ്ടത് വാർഷികാടിസ്ഥാനത്തിലാകുന്നു. കച്ചവടം തുടങ്ങി വർഷം തികഞ്ഞാൽ മൂലധനവും ലാഭവും ചേർന്നാൽ 85 ഗ്രാം സ്വർണത്തിൻെറ മൂല്യമോ അതിൽ കൂടുതലോ ഉണ്ടെങ്കിൽ 2.5 ശതമാനം സകാത്തുകൊടുക്കണം. ശമ്പളം, ഡോക്ടർമാരുടെയും, എഞ്ചിനീയർമാരുടെയും കലാ-സാഹിത്യകാരന്മരുടെയും വരുമാനം എന്നിവ എപ്പോൾ മേൽപറഞ്ഞ മൂല്യം തികയുന്നുവോ അപ്പോൾ സകാത്ത് കൊടുത്തിരിക്കണം. തന്നാണ്ടിനുശേഷം അത് സൂക്ഷിച്ചുവെക്കുന്നുവെങ്കിൽ തുടർന്നുള്ള വർഷങ്ങളിലും വാർഷിക സകാത്ത് നൽകണം. ഇതാണ് സകാത്തിൻെറ സാമാന്യരൂപം.

## സകാത്തിൻെറ അവകാശികൾ

സകാത്തിൻെറ ഗുണഭോക്താക്കൾ എട്ടു വിഭാഗമാണെന്ന് ഖുർആൻ നിർദേശിച്ചിരിക്കുന്നു.

1- നിർധനർ (ഫുഖറാഅ്) തൊഴിലോ മറ്റു വരുമാനമോ ഇല്ലാത്ത ഉപജീവിതത്തിന് പരസഹായം അത്യാവശ്യമായവർ.
2- അഗതികൾ (മസാകീൻ) തൊഴിലോ വരുമാനമോ ഉണ്ടെങ്കിലും അതുകൊണ്ട് ജീവിതത്തിൻെറ രണ്ടറ്റം മുട്ടിക്കാൻ കഴിയാതെ വിഷമിക്കുന്ന പാവങ്ങൾ.
3- സകാത്ത് ശേഖര-വിതരണ പ്രവർത്തനങ്ങളിലേർപ്പെട്ട ഉദ്യോഗസ്ഥന്മാരും തൊഴിലാളികളും. (ആലിമീന അലൈഹാ)
4- മനസ്സ് ഇണക്കപ്പെടുന്നവർ. (മുഅല്ലഫത്തുൽ ഖുലൂബ്) മുസ്‌ലിംകളോട് സൗഹാർദം വളർത്തുന്നതിനുവേണ്ടി, അല്ലെങ്കിൽ മുസ്‌ലിംകൾക്കെതിരിലുള്ള ദ്രോഹം തടുക്കാനോ, അതുമല്ലെങ്കിൽ മുസ്‌ലിംകളുടെ പ്രതിരോധനത്തിൽ പ്രയോജനം ലഭിക്കാനോ വേണ്ടി അർഹരായ അമുസ്‌ലിം സഹോദരങ്ങൾക്ക് സകാത്ത് ഫണ്ടിൽനിന്ന് ധനം നൽകുകയാണിത്.
5- അടിമമോചനം. (ഫിർരിഖാബ്) സമൂഹത്തിൽ അടിമളുണ്ടെങ്കിൽ അവരെയും അടിമസമാനമായ പാരതന്ത്ര്യങ്ങളിലകപ്പെട്ടവരെയും ആ അവസ്ഥയിൽനിന്ന് മോചിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
6- കടക്കാരെ സഹായിക്കുക. (അൽഗാമിരീൻ). കടം കയറി കഷ്ടപ്പെടുന്നവരുടെ കടം തീർത്തുകൊടുക്കുന്ന നടപടികൾ.
7- ദൈവമാർഗം. (ഫീസബീലില്ലാഹി) മതപ്രബോധനത്തിലും മതത്തിൻെറ ശത്രുക്കളോടുള്ള സമരത്തിലും ഏർപ്പെട്ടവർ.
8- സഞ്ചാരികൾ. (ഇബ്നു സ്സബീൽ) പ്രവാസികൾ, അഭയാർഥികൾ, യാത്രക്കാർ, തുടങ്ങിയവരെ സേവിക്കാനും സഹായിക്കാനും.

ഒരു വ്യക്തിയുടെ സ്വത്തിൽ സകാത്ത് നിർബന്ധമായിത്തീരുന്നതോടെ അതിൻെറ സകാത്ത് വിഹിതമായ 2.5 ശതമാനം അയാളുടെതല്ലാതായിത്തീരുന്നുവെന്നാണ് ശരീഅത്ത് അനുശാസിക്കുന്നത്. പിന്നെ അത് സകാത്ത് ലഭിക്കാനർഹരായ ആളുകളുടെ സ്വത്തായിത്തീരുന്നു. ന്യായമായ കാരണമില്ലെങ്കിൽ അയാളത് കൈവശം വെച്ചുകൊണ്ടിരിക്കുന്നതു പോലും അനാശാസ്യമാണ്. സകാത്ത് കൊടുക്കാൻ ബാധ്യസ്ഥരായവർ അത് നൽകാതെ മരിച്ചുപോയാലും സകാത്ത് വിഹിതം അയാളുടെ പേരിൽ കടമായി നിൽക്കും. അനന്തരാവകാശികൾ ആ കടം വീട്ടേണ്ടതാണ്. പരേതൻെറ സ്വത്തിൽ സകാത്ത് വിഹിതം കഴിച്ച് ബാക്കിയുള്ളതിലേ അവർക്ക് ദായധനാവകാശമുണ്ടായിരിക്കൂ.

കടപ്പാട്. പ്രബോധനം